# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3362 21.12.2012- ൽ മറുപടിക്ക്

## ജൈവപച്ചക്കറി വ്യാപനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) ജൈവപച്ചക്കറി വ്യാപനത്തിനായി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്ത് ജൈവ കൃഷിയുടെ ആവശ്യകത, സാദ്ധ്യത എന്നിവ കണക്കിലെടുത്ത് 2012 ഫെബ്രുവരി 10-10 തിയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 39/2010 പ്രകാരം ഒരു ജൈവ കാർഷിക നയം രൂപീകരിച്ചിട്ടുണ്ട്. ഈ നയം അടിസ്ഥാനമാക്കി കേരളത്തിലെ ജൈവ കൃഷി വികസനത്തിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്നതിന് ഹെക്ടറിന് 10000 രൂപ സഹായ ധനം നൽകിവരുന്നു.<br><br>കൂടാതെ വി. എഫ്.പി.സി.കെ 2012-13 സാമ്പത്തിക വർഷം ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രദർശനത്തോട്ടങ്ങളും കർഷക പരിശീലനങ്ങളും സംഘടിപ്പിച്ചു വരുന്നു. ജൈവ കൃഷി സംബന്ധിച്ച് കർഷകരിലും പൊതുജനങ്ങളിലും അവബോധം സൃഷ്ടിക്കുന്നതിനായി കൈപ്പുസ്തകങ്ങളും ലഘുലേഖകളും വിതരണം ചെയ്ത് വരുന്നു. വീട്ടുവളപ്പിലെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിതനഗരി എന്ന പദ്ധതിയും വി. എ ഫ്. പി. സി. കെ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്.<br><br>സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കുന്ന 'പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും' |

(വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ്) പദ്ധതിയിൽ മട്ടുപ്പാവിലെ പച്ചക്കറി കൃഷി ഘടകത്തിനും അടുക്കളത്തോട്ടകൃഷി ഘടകത്തിനും ജൈവകൃഷി രീതിയാണ് അവലംബിക്കുന്നത്. കൂടാതെ ക്ലസ്റ്ററിലൂടെയുള്ള പച്ചക്കറി കൃഷി ഘടകങ്ങൾക്കും ജൈവ മാർഗ്ഗങ്ങൾ അവലംബിച്ച് പച്ചക്കറി ഉത്പാദനം നടത്തുവാനാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുൻഗണന നൽകി വരുന്നു.

ബി ഇക്കഴിഞ്ഞ സാമ്പത്തിക വർഷം ബി വകുപ്പ് ജൈവ പച്ചക്കറി വ്യാപനത്തിനുള്ള പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിവരം പദ്ധതി ക്രമത്തിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

ജൈവ രീതിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10000 രൂപ സഹായം നൽകുന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ചിലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1 ആയും വി.എഫ്.പി.സി.കെ ചിലവഴിച്ച തുകയുടെ വിവരം അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു.

കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ 'പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും' (വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ്) പദ്ധതിയിൽ ജൈവകൃഷി രീതി വ്യാപിപ്പിക്കുന്നതിന് 777.5 ലക്ഷം രൂപ 2011-12-ൽ ചെലവഴിച്ചു.

സെക്ഷൻ ഓഫീസർ

## അനുബന്ധം- I

### പദ്ധതി – ജൈവ കൃഷിക്ക് ഹെക്ടറിന് 10000 രൂപ നിരക്കിൽ ധനസഹായം

| നമ്പർ | ജില്ല | 2010-11 | | 2011-12 | |
|---|---|---|---|---|---|
| | | ഭൗതിക നേട്ടം | ചിലവഴിച്ച തുക | ഭൗതിക നേട്ടം | ചിലവഴിച്ച തുക |
| 1 | തിരുവനന്തപുരം | 50.16 ha | 5,01,600 | 5 ha | 50,000 |
| 2 | കൊല്ലം | 55 ha | 5,50,000 | 25 ha | 2,50,000 |
| 3 | ആലപ്പുഴ | 11 ha | 1,10,000 | 5 ha | 50,000 |
| 4 | പത്തനംതിട്ട | 50.4 ha | 5,04,000 | 12 ha | 1,20,000 |
| 5 | ഇടുക്കി | 149.87 ha | 14,98,700 | 55.91 ha | 5,59,100 |
| 6 | എറണാകുളം | 17.55 ha | 1,75,500 | 9 ha | 90,000 |
| 7 | മലപ്പുറം | - | - | 4 ha | 40,000 |
| 8 | കോഴിക്കോട് | 1 ha | 10,000 | 10 ha | 1,00,000 |
| 9 | കാസർഗോഡ് | 24.5 ha | 2,45,000 | 3 ha | 30,000 |
| | ആകെ | 359.48 ha | 35,94,800 | 128.91 ha | 12,89,100 |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

# അനുബന്ധം- II

**ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ**

**(രൂപ ലക്ഷത്തിൽ)**

| ജില്ല | ജൈവകൃഷി ക്യാമ്പ് (രൂപ) | ജൈവകൃഷി വ്യാപനം (ഹെ) | സെമിനാർ (രൂപ) | പഠനയാത്ര കൾ (രൂപ) | ഡെമോൺ സ്ട്രേഷനു കൾ (രൂപ) |
|---|---|---|---|---|---|
| തിരുവനന്തപുരം | 0.3 | 332 | 0.05 | 0.14 | 0.3 |
| കൊല്ലം | 0.3 | 439 | 0.05 | 0.14 | 0.3 |
| പത്തനംതിട്ട | 0.3 | 606 | 0.05 | 0.14 | 0.2 |
| ആലപ്പുഴ | 0.225 | 295 | 0.05 | 0.07 | 0.2 |
| കോട്ടയം | 0.3 | 453 | 0.05 | 0.14 | 0.2 |
| ഇടുക്കി | 0.225 | 619 | 0.05 | 0.14 | 0.3 |
| എറണാകുളം | 0.3 | 384 | 0.05 | 0.14 | 0.3 |
| തൃശ്ശൂർ | 0.3 | 546 | 0.05 | 0.14 | 0.45 |
| പാലക്കാട് | 0.3 | 516 | 0.05 | 0.14 | 0.3 |
| മലപ്പുറം | 0.15 | 24 | 0.05 | 0.14 | 0.3 |
| കോഴിക്കോട് | 0.075 | 562 | 0.05 | 0.07 | 0.2 |
| വയനാട് | 0.075 | 557 | 0.05 | 0.14 | 0.2 |
| കണ്ണൂർ | 0.075 | 252 | 0.05 | 0.14 | 0.2 |
| കാസർഗോഡ് | 0.075 | 107 | 0.05 | 0.07 | 0.1 |
| **ആകെ** | **3** | **5692** | **0.7** | **1.75** | **3.55** |

സെക്ഷൻ ഓഫീസർ